# ഗ്രന്ഥരചന പ്രോത്സാഹന പദ്ധതി അപേക്ഷ ക്ഷണിക്കുന്നു

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ വിദ്യാർത്ഥികൾ പഠനകാലയളവിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് ഗ്രന്ഥരചന പ്രോത്സാഹന പദ്ധതി. പ്രസ്തുത പദ്ധതി പ്രകാരം ഓരോ അധ്യയനവർഷവും പുസ്തകം പ്രസിദ്ധീകരിക്കുന്ന വിദ്യാർത്ഥികൾക്ക് 5000 രൂപ വീതം പരമാവധി 10 പേർക്ക് അമ്പതിനായിരം രൂപയുടെ പുരസ്കാരം നൽകുന്നു.

2022–23 അധ്യയനവർഷം മലയാളസർവകലാശാലയിലെ വിദ്യാർത്ഥികൾ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്കാണ് ഇത്തവണ പുരസ്കാരം നൽകുന്നത്. പുസ്തകത്തിന്റെ ആദ്യ പതിപ്പിന്റെ മൂന്ന് കോപ്പികളും ലഘു ജീവചരിത്രവും വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം 2023 ആഗസ്റ്റ് 15–നകം മലയാളസർവകലാശാലയിലെ പബ്ലിക്കേഷൻ ഓഫീസറുടെ പക്കലോ വിദ്യാർത്ഥിക്ഷേമ ഡയറക്ടറുടെ പക്കലോ സമർപ്പിക്കണം. അവസാന തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. വിദഗ്ധസമിതിയുടെ പരിശോധനയ്ക്കുശേഷം പുരസ്കാരങ്ങൾ പ്രഖ്യാപിക്കും. പിന്നീട് സർവകലാശാലയിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യുന്നതുമാണ്.

നിബന്ധനകളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു:

- അപേക്ഷകർ മലയാളസർവകലാശാലയിലെ മുഴുവൻസമയ വിദ്യാർത്ഥികൾ ആയിരിക്കണം.
- ഏതു സാഹിത്യരൂപത്തിലുമുള്ള മൗലിക കൃതികൾ പുരസ്കാരത്തിന് പരിഗണിക്കും.
- എഡിറ്റുചെയ്ത പുസ്തകങ്ങൾ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല.
- 2022 ജൂൺ മുതൽ 2023 മേയ് വരെ പ്രസിദ്ധീകരിച്ച പുസ്തകങ്ങളാണ് ഇത്തവണ പുരസ്കാരത്തിനു പരിഗണിക്കുന്നത്.
- വിദ്യാർഥികൾക്ക് ഒന്നിലേറെ പുസ്തകങ്ങൾ സമർപ്പിക്കാമെങ്കിലും ഒരു പുസ്തകം മാത്രമായിരിക്കും പുരസ്കാരത്തിന് പരിഗണിക്കുന്നത്.
- സാഹിത്യരചനാ സ്കൂളിലെ വിദ്യാർഥികൾ രചനാസമർപ്പണത്തിനുവേണ്ടി തയ്യാറാക്കിയ പുസ്തകങ്ങൾ ഈ പുരസ്കാരത്തിനു പരിഗണിക്കുന്നതല്ല.

വിദ്യാർത്ഥിക്ഷേമ ഡയറക്ടർ

**Dr. ASHOK A. D'CRUZ**
Director of Students' Welfare
Thunchath Ezhuthachan
Malayalam University
Vakkad P.O., Tirur - 676 502